"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- വനം വന്യജീവി വകുപ്പിൽ നിന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായി വിരമിച്ച ശ്രീ. പി.കെ. ദേവാനന്ദൻ, ശ്രീ. പി.കെ. പുഷ്പാംഗദൻ എന്നിവരുടെ സസ്പെൻഷൻ കാലയളവുകൾ ക്രമീകരിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.354/2022/F&WLD തീയതി,തിരുവനന്തപുരം, 17-08-2022.

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 02.11.2021 ലെ ഇ7-1632/21 നമ്പർ കത്തും 11.11.2021 ലെ ഇ7-1631/21 നമ്പർ കത്തും.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിൽ നിന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായി വിരമിച്ച ശ്രീ. പി.കെ. ദേവാനന്ദൻ, ശ്രീ. പി.കെ. പുഷ്പാംഗദൻ എന്നിവരുടെ സസ്പെൻഷൻ കാലയളവുകൾ ക്രമീകരിച്ച് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്ന വിഷയത്തിൽ നിർദ്ദേശം നൽകണമെന്ന് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശ കത്തുകൾ പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. സസ്പെൻഡ് ചെയ്യപ്പെട്ട ജീവനക്കാരനെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്ന പക്ഷം, ടി നടപടിയുടെ അന്തിമ തീർപ്പിനനുസരിച്ചും, കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ, കോടതിവിധികളുടെ അടിസ്ഥാനത്തിലുമാണ് സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്ന വിധം തീരുമാനിക്കുന്നത്. വിജിലൻസ് കേസ്സിൽ ഉൾപ്പെട്ട ജീവനക്കാരുടെ സസ്പെൻഷൻ കാലയളവ് ടി കേസ്സിന്റെ അന്തിമ വിധിന്യായത്തിന് വിധേയമായിട്ട് മാത്രമേ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഇവിടെ ശ്രീ. പി.കെ ദേവാനന്ദൻ, ശ്രീ.പി.കെ പുഷ്പാംഗദൻ എന്നിവർക്കെതിരെ VC-67/11 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസ് ബഹു. കോടതിയുടെ പരിഗണനയിലുമാണ്. ആയതിനാൽ ശ്രീ. പി.കെ ദേവാനന്ദൻ, ശ്രീ.പി.കെ പുഷ്പാംഗദൻ എന്നിവരുടെ യഥാക്രമം 12-01-2006 മുതൽ 29-08-2007 വരേയും, 12-01-2006 മുതൽ 23-10-2007 വരേയും ഉള്ള സസ്പെൻഷൻ കാലയളവുകൾ KSRs Part I Rule- 56B(1) പ്രകാരം ശമ്പളവും അലവൻസുകളും ഉപജീവന ബത്തയിൽ പരിമിതപ്പെടുത്തിക്കൊണ്ട് മുൻകാല സർവ്വീസ് നഷ്ടപ്പെടാത്ത വിധത്തിൽ 'നോൺ ഡ്യൂട്ടി' യായി ക്രമീകരിച്ച് കൊണ്ടും, ഇവരുടെ യഥാക്രമം 30-08-2007 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരേയും, 24-10-2007 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരേയും ഉള്ള ഇടവേളകൾ KSRs Part I Rule-56B(9) Note-2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിനു അനുമതി നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. സസ്പെൻഷൻ കാലം ക്രമീകരിച്ച നടപടി ടിയാളുകൾക്കെതിരായ വിജിലൻസ് കേസ്സ്

പൂർത്തിയാകുന്ന മുറയ്ക്കും കൂടാതെ വകുപ്പുതല അച്ചടക്ക നടപടികൾക്കും വിധേയമായി KSRs Part I Rule-56B(6) പ്രകാരം പുനഃപരിശോധിച്ച് ആവശ്യമെങ്കിൽ പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ.പി.കെ.ദേവാനന്ദൻ, റിട്ട. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ.(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).
ശ്രീ.പി.കെ.പുഷ്പാംഗദൻ, റിട്ട. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ.(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (20.07.2022 ലെ അഗ്രി-ബി2/264/2022/ധന പ്രകാരം).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Anjaly Devi A G**
**Date: 19-08-2022 10:58:49**
സെക്ഷൻ ഓഫീസർ.